## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3059** **20.6.2014-ൽ മറുപടിക്ക്**

### രാജീവ് ആവാസ് യോജന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>'' എ.റ്റി. ജോർജ്<br>'' എ.പി. അബ്ദുള്ളക്കുട്ടി<br>'' പി.സി. വിഷ്ണുനാഥ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | രാജീവ് ആവാസ് യോജനയുടെ ഉദ്ദേശ്യല ക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) | നഗരപ്രദേശങ്ങളിലെ ചേരികളിൽ താമസിക്കുന്ന എല്ലാവർക്കും ജാതി-മത, സാമ്പത്തിക രാഷ്ട്രീയവ്യത്യാസമില്ലാതെ പാർപ്പിട സൗകര്യങ്ങളും, വിവിധ സാമൂഹിക-ഭൗതിക അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്തി നിലവിലുള്ള എല്ലാ ചേരികളേയും ചേരിസമാന പ്രദേശങ്ങളേയും വികസനത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തി "ചേരിരഹിതഭാരതം" സാധ്യമാക്കുക എന്നതാണ് രാജീവ് ആവാസ് യോജനയുടെ ഉദ്ദേശലക്ഷ്യങ്ങൾ |
| ബി) | കേരളത്തെ ചേരിരഹിത സംസ്ഥാനമാക്കു ന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശ ങ്ങൾ എന്തെല്ലാം; | ബി) | ഭൂമിയുടെ ലഭ്യത ഉറപ്പാക്കൽ, വിഭവസമാഹരണം, ജനകീയ പങ്കാളിത്തത്തോടെയുള്ള പദ്ധതി നിർവ്വഹണം, പാർപ്പിട സൗകര്യങ്ങൾ, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ, പൊതുസാമൂഹ്യ സൗകര്യങ്ങൾ, ഓരോ വീട്ടിലും പൈപ്പ് വഴിയുള്ള കുടിവെള്ളം, കക്കൂസ്, കുളിമുറി സൗകര്യങ്ങൾ, നഗരാസൂത്രണ വ്യവസ്ഥയിൽ നിർദ്ദേശിച്ച രീതിയിലുള്ള ഹരിതാഭമായ ഇടങ്ങൾ (Green space) എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ. |
| സി) | എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ? | സി) | 2001 സെൻസസ് പ്രകാരം 3 ലക്ഷമോ അതിൽ കൂടുതലോ ജനസംഖ്യയുള്ള നഗരപ്രദേശങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ നഗര-പ്രാന്ത പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ